# സമർപ്പണം

അഖിലാണ്ഡ സൃഷ്ടിതൻ പൊരുളായ ദൈവമെ
തിരുമുമ്പിൽ ഞങ്ങൾ നമിച്ചു നിൽപ്പൂ..
സർവ്വജ്ഞനായ നിൻ പദതാരിലടിയങ്ങൾ
സർവ്വം സമർപ്പിച്ചു കൂപ്പീ നിൽപ്പൂ.

മണൽ മീതെ കെട്ടി പടുത്തൊരാ സൗഭാഗ്യ
മണിമന്ദിരങ്ങൾ തകർന്നു വീഴേ..
അറിയുന്നു ജീവിത വിജയങ്ങളൊക്കെയും
നിറമുള്ള സ്വപ്നങ്ങൾ മാത്രമെന്ന്.

പുകൾകേട്ട മാനവർ നിനയാതൊരുനാളിൽ
ശവമഞ്ചമേറി കടന്നു പോകേ
ക്ഷണമാത്ര-മുള്ളൊരി ജീവിതയാത്രയിൽ
ക്ഷണിതാക്കളാണിവരെന്നറിവൂ..

സുഖമേറെ നേടുവാൻ പടവെട്ടിയേറെനാൾ
ചുടു ചോര ചിന്തി കഴിച്ചുകൂട്ടി.
കഴിവുറ്റ രാജാക്കൾ ചുടുകാട്ടിൽ വെന്തപ്പോൾ
തെളിവായിയെല്ലാം വ്യർത്ഥമെന്ന്.

അതിമോഹ നിലവറതീർത്തുകൊണ്ടേവരും
മതിവരെ ധാന്യങ്ങൾ കൂട്ടിവെച്ചു.
മൃതി ദൂതനെത്തിയിട്ടുടനെ പുറപ്പെടാ -
നരുളവെ യവയെല്ലാം പാഴ്വേലയായ്.

വിദ്വേഷ വിഷമുണ്ടുമത്തരായ് തീർന്നവരു
ച്ഛിഷ്ടമാക്കിയ നിന്റെ ക്ഷോണി
സർവ്വദൃക്കായ നിൻ ജീവൽ പ്രകാശത്താൽ
സവിശേഷമാക്കണെ സർവ്വേശ്വരാ.

വ്യാമോഹ വേതാളഹസ്തങ്ങൾ ചുറ്റിലും
പാപക്കെണികളൊരുക്കിടുമ്പോൾ
മാറാതവിടുന്നു കൂട്ടായിരുന്നെന്നും
കാത്തുകൊള്ളേണമേ ജഗദീശ്വരാ.

സംസാര ദു:ഖങ്ങളെല്ലാമകറ്റുവാൻ
നിൻ തുണ മാത്രമേ സത്യമെന്ന
ചൊൽ കേട്ടു നിൻ പാദസേവ ചെയ്തീടുവാൻ
കൽപനായകണേ കരുണാമയാ.

അഖിലാണ്ഡ സൃഷ്ടിതൻ പൊരുളായ ദൈവമെ
തിരുമുമ്പിൽ ഞങ്ങൾ നമിച്ചു നിൽപ്പൂ.
സർവ്വജ്ഞനായ നിൻ പദതാരിലടിയങ്ങൾ
സർവ്വം സമർപ്പിച്ചു കൂപ്പിനിൽപ്പു.

ഫാ: ഷൈജൻ കുര്യാക്കോസ്
സെന്റ് പീറ്റേഴ്സ് ചർച്ച് – ബഹറിൻ.